# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.4/1083/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 21/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (AIMS മുഖേന)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മിഷണർ (ജനറൽ ),മലപ്പുറം
3)കാര്യാലയ പകർപ്പ്.മലപ്പുറം

നമ്പർ: കെ.എസ്.എ.എം.പി.എം.4/1083/22 തീയ്യതി: 21/06/2022

## മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-04-2022 മുതൽ 28-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-04-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സൈമൺ.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 18-04-2022 | 28-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-04-2022 | 28-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രസാദ്.പി.,ഓഡിറ്റ് ഓഫീസർ
ശ്രീ.മൂസ.ഇ.അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.ഷാജഹാൻ ഖുറൈശി.എം. അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.അമീൻ ഫൈസൽ.ടി.ടി.സീനിയർ ഗ്രേഡ് ഓഡിറ്റർ
(20.04-22,21.04.22,22.04.22,28.04.22 Training)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. റീന പെട്ടമണ്ണ | പ്രസിഡന്റ് | 01-04-2020 | 07-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 08-11-2020 | 29-12-2020 |
| ശ്രീ.മുസ്തഫ.എ.കെ. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അംബിക.വി.എം.ജോയിന്റ്.ബി.ഡി.ഒ | സെക്രട്ടറി ഇൻചാർജ്ജ് | 01-04-2020 | 14-07-2020 |

| | | | |
|---|---|---|---|
| ശ്രീ.അഷറഫ് പെരുമ്പള്ളി | സെക്രട്ടറി | 15-07-2020 | 03-02-2021 |
| ശ്രീമതി.അംബിക.വി.എം.ജോയിന്റ്.ബി.ഡി.ഒ | സെക്രട്ടറി ഇൻചാർജ്ജ് | 04-02-2021 | 07-02-2021 |
| ശ്രീ.മനോജ്കുമാർ.എ.ടി. | സെക്രട്ടറി | 08-02-2021 | 31-03-2021 |
| ശ്രീ.ജോൺമാത്യൂ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-05-2020 |
| ശ്രീ.അബ്ദുൾ റഷീദ്.കെ.പി. | പട്ടികജാതി വികസന ഓഫീസർ | 01-06-2020 | 31-07-2020 |
| ശ്രീ.ജോൺമാത്യൂ | പട്ടികജാതി വികസന ഓഫീസർ | 01-08-2020 | 31-03-2021 |
| ഡോ.ജമീല.സി.കെ | മെഡിക്കൽ ഓഫീസർ(ആലോപ്പതി) | 01-04-2020 | 16-11-2020 |
| ഡോ.മർസൂഖ്.എ.എം. | മെഡിക്കൽ ഓഫീസർ(ആലോപ്പതി) | 17-11-2020 | 21-01-2021 |
| ഡോ.ബഷീർ.പി.കെ. | മെഡിക്കൽ ഓഫീസർ(ആലോപ്പതി) | 22-01-2021 | 31-03-2021 |
| ശ്രീമതി.ജയകുമാരി.ജെ. | ശിശു വികസന ഓഫീസർ(അഡീഷണൽ) | 01-04-2020 | 11-09-2020 |
| ശ്രീമതി.രോഹിണി.നെല്ലിശ്ശേരി | ശിശു വികസന ഓഫീസർ,അഡീഷണൽ(ഇൻചാർജ്ജ്) | 12-09-2020 | 16-09-2020 |
| ശ്രീമതി.സലീല.എം. | ശിശു വികസന ഓഫീസർ(അഡീഷണൽ | 17-09-2020 | 31-03-2021 |
| ശ്രീമതി.ഇന്ദിര.പി.കെ | ശിശു വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.വിഷ്ണുമോഹൻ | അസി.എഞ്ചിനീയർ | 01-04-2020 | 03-06-2020 |
| ശ്രീ.മുഹമ്മദ്അസ്ലഹ്.പി. | അസി.എഞ്ചിനീയർ | 04-06-2020 | 10-07-2020 |
| ശ്രീ.അരുൺ.വി. | അസി.എഞ്ചിനീയർ | 11-07-2020 | 08-02-2021 |
| ശ്രീ.മുഹമ്മദ്അസ്ലഹ്.പി. | അസി.എഞ്ചിനീയർ | 09-02-2021 | 31-03-2021 |
| ശ്രീ.ഉമ്മർ.കെ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.വരുൺ.കെ.പി. | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സജിത.ടി.വി. | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശ്രീലേഖ.പി.ജി. | കൃഷി അസി.ഡയറക്ടർ | 01-04-2020 | 31-03-2021 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Prasad (Audit Officer, On 28-04-2022)<br>Last Updated By: Prasad (Audit Officer, On 28-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-2 |
| 3 | ധനകാര്യ വിശകലനം<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: E.Moosa (Asst. Audit Officer, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: E.Moosa (Asst. Audit Officer, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: E.Moosa (Asst. Audit Officer, On 29-04-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 29-04-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: E.Moosa (Asst. Audit Officer, On 29-04-2022)<br>Last Updated By: Prasad (Audit Officer, On 03-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: E.Moosa (Asst. Audit Officer, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-8 |
| 9 | അഭ്യന്തര നിയന്ത്രണം<br>Written By: Prasad (Audit Officer, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-9 |
| 10 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: E.Moosa (Asst. Audit Officer, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-10 |
| 11 | വാർഷിക ധനകാര്യ പത്രിക 2020-21 – പരിശോധന കുറിപ്പുകൾ<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-11 |
| 12 | വാഹനത്തിന്റെ വാടക- 194C പ്രകാരം 1% TDS ഈടാക്കിയിട്ടില്ല.<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-12 |
| 13 | യഥാസമയം കരാർ ഒപ്പ് വെക്കാത്തവരിൽ നിന്ന് പിഴ ഈടാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-13 |
| 14 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-14 |
| 15 | ചെമ്മലശ്ശേരി കുണ്ടംതോട് ചിറ നിർമ്മാണം- സെന്ററിങ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 04-06-2022) | 1-15 |
| 16 | അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 20-06-2022) | 1-16 |
| 17 | തളിയംകുളം വെള്ളച്ചാൽ നിർമ്മാണം - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-06-2022) | 1-17 |
| 18 | റോഡ് കോൺക്രീറ്റിങ് - അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-06-2022) | 1-18 |
| 19 | നെല്ല് കൃഷിക്ക് കൂലിചെലവ് സബ്സിഡി-അപാകതകൾ-2489757/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Prasad (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-06-2022) | 1-19 |
| 20 | മരാമത്ത് പ്രവൃത്തികൾ - കൺവീനർമാർക്ക് അധിക തുക നൽകി.<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-06-2022) | 1-20 |
| 21 | വൃദ്ധർക്ക് കട്ടിൽ (എസ്.സി)755555/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Prasad (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-06-2022) | 1-21 |
| 22 | മഖാം പടി കുടിവെള്ള പദ്ധതി - പൊളിച്ചെടുത്ത കല്ലിന്റെ ലേലം/പുനരുപയോഗ വിവരം | 1-22 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-06-2022) | |
| 23 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അപാകതകൾ-1966658/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Prasad (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-06-2022) | 1-23 |
| 24 | കുടിവെള്ള പദ്ധതി- കരാറുകാരന് അധികം നൽകിയ തുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടവാക്കി<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-06-2022) | 1-24 |
| 25 | പാലിന് സബ്സിഡി-അപാകതകൾ-1034899/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Prasad (Audit Officer, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 06-06-2022) | 1-25 |
| 26 | റോഡ് ടാറിങ് - കരാറുകാരന് അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 06-06-2022) | 1-26 |
| 27 | ഡിമോളിഷിങ് ബ്രിക്ക് വർക്ക്- അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-27 |
| 28 | മരുന്നുകൾ ലഭ്യമായില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 29-04-2022)<br>Last Updated By: Unni.P (Deputy Director, On 20-06-2022) | 1-28-1 |
| 29 | സാന്ത്വനം-സെക്കൻററി പാലിയേറ്റീവ് പരിചരണം - മരുന്നുകൾ ലഭ്യമായില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 29-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-28-2 |
| 30 | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകൽ<br>Written By: Shajahan Khuraisi (Asst. Audit Officer, On 29-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-28-3 |
| 31 | മേലാറ്റൂർ സി.എച്ച്.സി കോൺഫറൻസ് ഹാൾ പുനരുദ്ധാരണം - സിമന്റ് കോൺക്രീറ്റിങ്ങിന് അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-29 |
| 32 | ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-30 |
| 33 | ചെലവ് രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 30-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-30-1 |
| 34 | ചെലവ് രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 30-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-30-2 |
| 35 | സാന്ത്വനം-സെക്കൻററി പാലിയേറ്റീവ് പരിചരണം-ഇൻകം ടാക്സ് ടി.ഡി.എസ് പിടിക്കാതെ ഡ്രൈവർക്ക് വാടക നല്കി<br>Written By: Shajahan Khuraisi (Asst. Audit Officer, On 29-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-31 |
| 36 | ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ പട്ടിക വർഗ്ഗ കോളനികളിൽ കുടിവെള്ള സംഭരണി ഏർപ്പെടുത്തൽ - വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-32 |
| 37 | രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ 2,90,000 രൂപ തടസ്സം ചെയ്യുന്നു.<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-33 |
| 38 | പ്ലാസ്റ്റിക് വിമുക്ത ബാല്യം പദ്ധതി - അപാകതകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-34 |
| 39 | മൃഗസംരക്ഷണ പ്രവൃത്തിക്ക് ബ്ലോക്ക് പഞ്ചായത്ത് തുക കൈമാറൽ -ചെലവ് തുക 8,53,100 രൂപ തടസ്സം ചെയ്യുന്നു<br>Written By: Shajahan Khuraisi (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 20-06-2022) | 1-35 |
| 40 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 30-04-2022)<br>Last Updated By: Simon K (Senior Deputy Director, On 06-06-2022) | 1-36 |
| 41 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം നല്കൽ-അനർഹന് മുച്ചക്ര വാഹനം നല്കി-80000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Prasad (Audit Officer, On 03-05-2022)<br>Last Updated By: Simon K (Senior Deputy Director, On 08-06-2022) | 1-37 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മേലാറ്റൂർ സി.എച്ച്.സി കോൺഫ്രൻസ് ഹാൾ പുനരുദ്ധാരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Simon K (Senior Deputy Director, On 08-06-2022) | 3-1 |
| 2 | ഡിമോളിഷിങ് ബ്രിക്ക് വർക്ക്- അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Simon K (Senior Deputy Director, On 08-06-2022) | 3-2 |
| 3 | റോഡ് ടാറിങ് - കരാറുകാരന് അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Simon K (Senior Deputy Director, On 08-06-2022) | 3-3 |
| 4 | മരാമത്ത് പ്രവൃത്തികൾ - കൺവീനർമാർക്ക് അധിക തുക നൽകി.<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Simon K (Senior Deputy Director, On 08-06-2022) | 3-4 |
| 5 | റോഡ് കോൺക്രീറ്റിങ് - അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Simon K (Senior Deputy Director, On 08-06-2022) | 3-5 |
| 6 | അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-04-2022)<br>Last Updated By: Simon K (Senior Deputy Director, On 08-06-2022) | 3-6 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Simon K (Senior Deputy Director, On 08-06-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Simon K (Senior Deputy Director, On 08-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 20-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Prasad (Audit Officer, On 27-04-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Prasad (Audit Officer, On 27-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Prasad (Audit Officer, On 27-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Prasad (Audit Officer, On 27-04-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Simon K (Senior Deputy Director, On 08-06-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Simon K (Senior Deputy Director, On 08-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Prasad (Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 20-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ<br>Written By: Prasad (Audit Officer, On 30-04-2022)<br>Last Updated By: Unni.P (Deputy Director, On 20-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ബജറ്റ്

| 2020-21ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പറും തിയ്യതിയും | പുതുക്കിയ തീരുമാന നമ്പറും തിയ്യതിയും |
|---|---|
| തീരുമാന നമ്പർ 1(1) തിയ്യതി 26.03.2020 | തീരുമാന നമ്പർ 1(1) തിയ്യതി 06.02.2021 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകതി പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2021 | 14-09-2021 | - | - |

### 1-3 ധനകാര്യ വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 6509626.95 |
| വരവ് | 94068847.00 |
| ആകെ | 100578473.95 |
| ചെലവ് | 98616935.00 |
| നീക്കിയിരിപ്പ് | 1961538.95 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 46086376 | 46086376 | 45270984 | 815392 |
| വികസന ഫണ്ട് (എസ്.സി.പി) | 00 | 24892000 | 24892000 | 20611830 | 4280170 |
| വികസന ഫണ്ട് (ടി.എസ്.പി) | 00 | 545100 | 545100 | 492000 | 53100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 00 | 00 | 00 | 00 | 00 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 8036882 | 8036882 | 6659454 | 1377428 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 00 | 8650000 | 8650000 | 5936993 | 2713007 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 00 | 8650000 | 8650000 | 6236533 | 2413467 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം 202-21

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ചത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 176 | 117530958 | 131 | 83888273 | 00 | 45 | 74% |

പാതിവഴിയിൽ ഉപേക്ഷിച്ച പാഴ്ച്ചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.04.2022ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. കളക്ഷൻ തുക അതേ ദിവസം തന്നെ അടവാക്കുന്നതിനാൽ ക്യാഷ് ബാലൻസ് ഇല്ല.

## 1-9 അഭ്യന്തര നിയന്ത്രണം

1.മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ 15.01.2021 വരെയുള്ള ക്യാഷ് ബുക്കാണ് ഓഡിറ്റിന് ഹാജരാക്കിയത്.

2. ചൈൽഡ് ഡെവലപ്പ് ഓഫീസർ, പെരിന്തൽമണ്ണ (അഡീഷണൽ) 2020-21 വർഷത്തെ ക്യാഷ് ബുക്കിൽ വരവ് ചെലവ് രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

3. കൃഷി ഓഫീസർ ക്യാഷ് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4. ബ്ലോക്ക് പഞ്ചായത്ത് ആസ്തി രജിസ്റ്റർ കാലികമാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
5. ഇൻക്യുബൻസി രജിസ്റ്റർ പരിപാലിക്കുന്നില്ല.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.01.2022 | 2020-21 | 09.03.22 |
| എ.ജി. ഓഡിറ്റ് | 12.11.2019 | 2014-15 മുതൽ 2018-19 വരെ | 20.12.2019 |

## 1-11 വാർഷിക ധനകാര്യ പത്രിക 2020-21 – പരിശോധന കുറിപ്പുകൾ

1. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) ചെലവ് ACR പ്രകാരം 6236533 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ചെലവ് തുക 6436533 രൂപയാണ്.

2. വാടക രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഡിമാന്റ്, വരവ്, ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

3. B14 ഷെഡ്യൂൾ പ്രകാരമുള്ള പർച്ചേസ് ഓഫ് മെറ്റീരിയൽ ഇനത്തിലെ നീക്കിയിരിപ്പ് തുകയുടെ ( 12980) രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബി7 ഷെഡ്യൂൾ പ്രകാരമുള്ള 1265878 രൂപയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

5 അഡ്വാൻസ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബി18 ഷെഡ്യൂൾ പ്രകാരമുള്ള 1289927 രൂപയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

ഓഡിറ്റ് എൻക്വയറി 20/2020-21/26.4.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

6. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധന

വികസന ഫണ്ട് (ജനറൽ) ചെലവ് ACR പ്രകാരം 45270984 രൂപയാണ്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് തുക 42467904 രൂപയാണ്.

## 1-12 വാഹനത്തിന്റെ വാടക- 194C പ്രകാരം 1% TDS ഈടാക്കിയിട്ടില്ല.

ബി.ആർ.എൻ 2015036300450016278 0/14-05-2020 : 30,000

ബി.ആർ.എൻ 201503630045002671 71/17-06-2020 : 30,000

ബി.ആർ.എൻ 201503630045003713 79/24-07-2020 : 30,000

ബി.ആർ.എൻ 201503630045004266 66/14-08-2020 : 30,000

ബി.ആർ.എൻ 201503630045009679 00/20-01-2021 : 1,20,000

ബി.ആർ.എൻ 201503630045014098 75/28-03-2021 : 7740

ബി.ആർ.എൻ 201503630045014362 95/30-03-2021 : 90,000

LSGD ഓഫീസ് ആവശ്യത്തിനായി വാടകക്കെടുത്തKL-53 P 2070-ാം നമ്പർ വാഹനത്തിന്റെ വാടകയായി 3,37,740 രൂപ തനതു ഫണ്ടിൽ നിന്നും

ശ്രീ. ബാബു രാജന് നൽകിയിട്ടുണ്ട് . ആയതിൽ നിന്നും ആദായ നികുതി വകുപ്പിലെ 194C പ്രകാരം 1% TDS ആയി ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 യഥാസമയം കരാർ ഒപ്പ് വെക്കാത്തവരിൽ നിന്ന് പിഴ ഈടാക്കിയില്ല

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിച്ചതായ അറിയിപ്പ് നോട്ടീസ് (സെലക്ഷൻ നോട്ടീസ്) കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് കരാർ ഒപ്പ് വെക്കണമെന്നും, 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ ഉടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കി -മിനിമം 1000 പരമാവധി 25000 – കരാറുടമ്പടി വെക്കാം എന്നും കേരള പൊതു മരാമത്ത് മാന്വൽ ഖ. 2009-6 ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ് എന്നും ഖണ്ഡികയിൽ ഉണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ നിശ്ചിത ദിവസത്തിനകം കരാർ വെച്ചിട്ടില്ല. കരാറുകാരിൽ നിന്ന് 1% പിഴ ഈടാക്കാതെ കരാർ ഒപ്പ് വെച്ചതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം 1% പിഴ ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സെലക്ഷൻ നോട്ടീസ് തീയ്യതി | കരാർ വെച്ച തീയ്യതി | പിഴ |
|---|---|---|---|
| ആലങ്ങോട് എസ്.സി കോളനി പാത്‌വെ (85/21)<br>ബിൽ 19/20.4.2020 തുക 354003<br>കരാർ 31/3.2.2020<br>കോൺട്രാക്റ്റർ ശ്രീ സൈനുദ്ധീൻ.പി.ടി | 4.1.2020 | 3.2.2020 | 3540 |
| നെച്ചിയിൽ എസ്.സി കോളനി ഫുട്പാത് (77/21)<br>ബിൽ 20/20.4.2020 തുക 355139<br>കരാർ 13/7.12.2019<br>കോൺട്രാക്റ്റർ ശ്രീ അബ്ദുൽ റഹീം.പി | 11.11.2019 | 7.12.2019 | 3551 |
| ചീത്തക്കുഴി എസ്.സി കോളനി കോൺക്രീറ്റ് (80/21)<br>ബിൽ 21/20.4.2020 തുക 353469<br>കരാർ 36/11.2.2020<br>കോൺട്രാക്റ്റർ ശ്രീ മുഹമ്മദ് നൗഫൽ.സി | 4.1.2020 | 11.2.2020 | 3535 |
| കിഴക്കേകളം അംഗൻവാടി നിർമ്മാണം (132/21)<br>ബിൽ 28/15.4.2020 തുക 325000<br>ബിൽ 55/20.1.2021 തുക 300000<br>ബിൽ 83/27.3.2021 തുക 209559<br>കരാർ 15/13.12.2019<br>കോൺട്രാക്റ്റർ ശ്രീ സനിൽകുമാർ | 8.11.2019 | 13.12.2019 | 8346 |

ഓഡിറ്റ് എൻക്വയറി 13 /20-21/25.4.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ മുഴുവൻ ഈടാക്കാതെയാണ് ബിൽ തുക കരാറുകാർക്ക് നൽകിയിട്ടുള്ളത്.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ

പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവ്യത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ഈ പ്രവൃത്തിയുടെ ഒന്നാംഘട്ടം 14.11.2018 ആരംഭിച്ച് 6.3.2019ന് അവസാനിച്ചു. പിന്നീട് പ്രവൃത്തി ആരംഭിച്ചത് 10 മാസം കഴിഞ്ഞ് 29.1.20ന് മാത്രമാണ്. പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിച്ചതിന്റെ രേഖകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതിന് ഭരണ സമിതി തീരുമാനിച്ചതായും കാണുന്നില്ല.

പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്തത് കാരണം 2018-19, 2019-20 വർഷങ്ങളിൽ ഈ പദ്ധതിക്കായി വകയിരുത്തിയ തുക ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം ചുവടെ കാണിച്ച പ്രകാരം പിഴ തുക കരാറുകാരിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | പള്ളിക്കത്ത് അംഗൻവാടി നിർമ്മാണം (176/21)<br>ബിൽ 39/15.3.2019 തുക 350000<br>ബിൽ 54/13.1.2021 തുക 440726<br>കരാർ 34/23.10.2018 834302.48 രൂപ<br>(13.40% കുറവ്)<br>അളവ് പുസ്തകം 68/19-20, 5/18-19.<br>കോൺട്രാക്ടർ ശ്രീ.സൈതാലി.പി.കെ<br>DSR 2016കോസ്റ്റ് ഇൻഡക്സ് 37.25%<br>പൂർത്തീകരണ കാലാവധി 9 മാസം<br>പൂർത്തീകരിക്കേണ്ട തീയ്യതി 22.7.2019<br>പൂർത്തീകരിച്ച തീയ്യതി 22.7.2020 | 23.7.2019-22.10.2019 (1%) 8343<br>23.10.19-22.1.2020 (2%) 16686<br>23.1.20-22.4.2020 (2%) 16686<br>23.4.20-21.7.20 (2%) 16686<br>ആകെ 58401 |

ഓഡിറ്റ് എൻക്വയറി 21/2020-21/26.4.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 ചെമ്മലശ്ശേരി കുണ്ടംതോട് ചിറ നിർമ്മാണം- സെന്ററിങ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

ചെമ്മലശ്ശേരി കുണ്ടംതോട് ചിറ നിർമ്മാണം എന്ന പ്രവൃത്തിയുടെ ( 130/21) ഇനം 15 ആയി ചിറയുടെ രണ്ട് വശങ്ങൾ (അബട്ട്മെന്റ്) കോൺക്രീറ്റ് ചെയ്യുന്നതിന് വേണ്ടിയുള്ള സെന്ററിങ് പ്രവൃത്തിക്ക് DSR 4.3.3 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് DSR 4.3.2 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതിയാവുന്നതാണ്.

DSR കോഡ് 4.3.3 പ്രകാരമുള്ള ഇനം കോളം, പില്ലർ, പിയർ, അബട്ട്മെന്റ് എന്നിവയുടെ സെന്ററിങ് പ്രവൃത്തിക്ക് നൽകുന്നതാണ് . ഇവിടെ തോടിന്റെ ഇരുവശങ്ങളിലായി 14 മീറ്റർ നീളവും, 0.70 മീറ്റർ വീതിയും, 2.30 മീറ്റർ ഉയരവുമുള്ള സൈഡ് ഭിത്തിയുടെ കോൺക്രീറ്റ് പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. ആയതിന് DSR 4.3.2 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്.

അധിക നിരക്കിൽ തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 11/2020-21/23.4.2022 നൽകിയതിന് - തടയിണയിലെ വെള്ളത്തിന്റെ സൈഡിലേക്കുള്ള പ്രഷർ തടഞ്ഞ് നിർത്താൻ വേണ്ടിയുള്ള അബട്ട്മെന്റ് ആണ് ഇവിടെ ചെയ്തിട്ടുള്ളത് എന്നും, ഈ വി.സി.ബിയിലെ വെള്ളത്തിന്റെയും, ഓപറേറ്റിങ് സ്ലാബ്, സപ്പോർട്ടിങ് ബീം എന്നിവയുടെയും ലോഡ് എടുക്കുന്നതിനാണ് ഇവിടെ അബട്മെന്റ് നൽകിയത് എന്നും മറുപടി ലഭ്യമാക്കി.

ചുവടെ കാണിച്ച കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

1. കോളം, പില്ലർ, പിയർ എന്നിവയുടെതിന് സമാനമായ പ്രവൃത്തിയാണെങ്കിലേ അബട്ട്മെന്റിനുള്ള സെന്ററിങ് പ്രവൃത്തിക്ക് DSR 4.3.3 പ്രകാരമുള്ള നിരക്ക് നൽകേണ്ടതുള്ളൂ. എന്നാൽ ഇവിടെ 14 മീറ്റർ നീളവും, 0.70 മീറ്റർ വീതിയും, 2.30 മീറ്റർ ഉയരവുമുള്ള സൈഡ് ഭിത്തിയുടെ കോൺക്രീറ്റ് പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. ഇതിനുള്ള സെന്ററിങ് പ്രവൃത്തി കോളം, പില്ലർ, പിയർ എന്നിവക്ക് തുല്യമായതല്ല എന്ന് വ്യക്തമാണ്.

2. ഓപറേറ്റിങ് സ്ലാബ്, സപ്പോർട്ടിങ് ബീം എന്നിവയുടെയും ലോഡ് എടുക്കുന്നതിനാണ് ഇവിടെ അബട്മെന്റ് നൽകിയത് എന്ന മറുപടിയും ശരിയല്ല. അങ്ങിനെയാണെങ്കിൽ ചിറയുടെ രണ്ട് വശങ്ങളിലും (അപ്സ്ട്രീം , ഡൗൺ സ്ട്രീം) അബട്മെന്റ് വേണ്ടതാണ്. എന്നാൽ ഇവിടെ ഒരു വശത്ത് മാത്രമാണ് സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്.

3. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയ അതേ തീയ്യതിയിൽ (13.2.2020) ഇതേ ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നൽകിയ കുന്നക്കാവ് തോട് തടയണ നിർമ്മാണം (149/21), 19.3.20 തീയ്യതി സാങ്കേതികാനുമതി കാര്യാവട്ടം പള്ളിപ്പടി തോട് ചിറ നിർമ്മാണം (128/21) എന്നീ പ്രവൃത്തികളിൽ സമാന പ്രവൃത്തികൾ ചെയ്തതിന് DSR 4.3.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്.

തെറ്റായ ഡാറ്റ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് വ്യക്തമായ വിശദീകരണം ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ചെമ്മലശ്ശേരി കണ്ടംതോട് ചിറ നിർമ്മാണം എന്ന പ്രവൃത്തിയുടെ ( 130/21)<br>ബിൽ 81/25.3.2021 തുക 1383694<br>ബിൽ 86/26.3.2021 തുക 10000<br>കരാർ 64/3.2.2020<br>സാങ്കേതികാനുമതി 112669/13.2.20<br>കോൺട്രാക്ടർ ശ്രീ .സൈനുദ്ധീൻ.പി.ടി<br>അളവ് പുസ്തകം 20/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 195.44 $M^2$ | 119596 @611.93/ $M^2$ | 96975 @496.19/ $M^2$ | 25336 (12% ജി.എസ്.ടി ഉൾപ്പെടെ) |

## 1-16 അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൂലോത്ത് എസ്.സി കോളനി ഫുട്പാത്ത് (172/21), ചെറുകര പറക്കുന്ന് എസ്.സി കോളനി ഫുട്പാത്ത് (160/21) എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 15% ഓവർ ഹെഡ് ചാർജ് നൽകിയാണ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ റോഡ് പ്രവൃത്തികൾക്ക് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം 10% ഓവർ ഹെഡ് ചാർജ് ആണ് അനുവദനീയമായിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി 8/2020-21/22.4.2022 നൽകിയതിന് - പ്രവൃത്തി പ്രൈസ് സോഫ്റ്റ്‌വെയറിൽ ലഭ്യമായ മോർഡ് സ്പെസിഫിക്കേഷൻ ഉപയോഗിച്ച് തയ്യാറാക്കിയതാണെന്നും, പ്രവൃത്തി ഇ ടെണ്ടർ ചെയ്ത് എസ്റ്റിമേറ്റിലും കുറഞ്ഞ നിരക്കിലാണ് കരാർ വെച്ചിട്ടുള്ളത് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത് തെറ്റായ മറുപടിയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെങ്കിൽ ഓവർ ഹെഡ് ചാർജ് 10% ഉം കരാറുകാരന്റെ ലാഭവിഹിതം 10% ആണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുക. എന്നാൽ ഈ പ്രവൃത്തിയിൽ ഓവർ ഹെഡ് ചാർജ് 15% ഉണ്ട്. ഇത് മോർത്ത് സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണ്.

എസ്റ്റിമേറ്റിലും കുറഞ്ഞ നിരക്കിലാണ് പ്രവൃത്തി കരാറുകാർ ഏറ്റെടുത്തത് എന്ന മറുപടിയും ഉയർന്ന നിരക്ക് ഉൾപ്പെടുത്തി തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് ന്യായീകരണമല്ല. കാരണം ബ്ലോക്ക് പഞ്ചായത്തിൽ ഓഡിറ്റ് വർഷം തന്നെ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള പ്രവൃത്തികളും കുറഞ്ഞ നിരക്കിൽ കരാറുകാർ ഏറ്റെടുത്തിട്ടുണ്ട്. ഉദാഹരണം. നെച്ചിയിൽ എസ്.സി കോളനി ഫുട്പാത് (77/21) എസ്റ്റിമേറ്റ് 50000 .GsT ഒഴികെ 448928. കരാർ തുക 317088.21. എസ്റ്റിമേറ്റിലും 28.57% കുറവിലാണ് പ്രവൃത്തി കരാറുകാരൻ ഏറ്റെടുത്തത്.

അധിക തുക ഈടാക്കേണ്ടതാണ്. അധിക തുക തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | നൽകിയ തുക (15% ഓവർ ഹെഡ് ചാർജ്, + 10%CP + 12% GST ഉൾപ്പെടെ) | നൽകാവുന്ന തുക (10% ഓവർ ഹെഡ് ചാർജ് , + 10%CP + 12% GST ഉൾപ്പെടെ) | അധികം |
|---|---|---|---|---|
| 1 | പൂലോത്ത് എസ്.സി കോളനി ഫൂട്പാത്ത് (172/21),<br>ബിൽ 70/20.1.2021 തുക 423946<br>കരാർ 1/28.9.2020<br>കോൺട്രാക്ടർ ശ്രീ. മുഹമ്മദ് ഷാഫി വെമ്മുള്ളി<br>അളവ് പുസ്തകം 80/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 423946 | 406988 | 16958 |

| | | | | |
|---|---|---|---|---|
| | | | | |
| 2 | ചെറുകര പറക്കുന്ന് എസ്.സി. കോളനി ഫുട്പാത്ത് ( 172/21) ബിൽ 57/13.1.2021 തുക 401269 കരാർ 57/31.3.2020 കോൺട്രാക്ടർ ശ്രീ. മുഹമ്മദ് മുസ്തഫ അളവ് പുസ്തകം 71/19-20 കോസ്റ്റ് ഇൻഡക്സ് 31.06% | 146909 | 141033 | 5876 |

## 1-17 തളിയംകുളം വെള്ളച്ചാൽ നിർമ്മാണം - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ (131/21) എന്ന പ്രവൃത്തിക്ക് റോഡ് പ്രവൃത്തികൾക്ക് ബാധകമായ 10% ഓവർ ഹെഡ് ചാർജ് നൽകി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്തിലെ തളിയംകുളം വെള്ളച്ചാലിന്റെ സൈഡ് കോൺക്രീറ്റ് ചെയ്ത് സംരക്ഷിക്കാനുള്ളതാണ് ഈ പ്രവൃത്തി. ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ലാത്തതിനാൽ 5% ഓവർ ഹെഡ് ചാർജ് നൽകി DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്.

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 7/2020-21/22.4.2022 നൽകിയതിന് - പ്രവൃത്തി റോഡിന്റെ സൈഡിലാണ് ചെയ്തിട്ടുള്ളത് എന്നും റോഡ് അനുബന്ധ പ്രവൃത്തിയാണെന്നും MORd സ്പെസിഫിക്കേഷൻ നൽകാവുന്നതാണെന്നും മറുപടി ലഭ്യമാക്കി.

ബ്ലോക്ക് പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ 27.4.2022 ന് പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ പ്രവൃത്തി റോഡിന് സമീപത്ത്കൂടി അല്ല എന്നും റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തി അല്ല എന്നും വ്യക്തമായി. സ്ഥല പരിശോധന റിപ്പോർട്ടിൽ ഇക്കാര്യം ഓവർസിയർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

അധിക തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം (10% ഓവർ ഹെഡ് ചാർജ്) | നൽകിയ തുക (12% GST ഉൾപ്പെടെ) | നൽകാവുന്ന തുക (5% ഓവർ ഹെഡ് ചാർജ്, 12% GST ഉൾപ്പെടെ) | അധികം |
|---|---|---|---|---|---|
| 1 | തളിയംകുളം വെള്ളച്ചാൽ നിർമ്മാണം (131/21) ബിൽ 77/25.3.2021 തുക 690000 ബിൽ 78/25.3.2021 തുക 5344 കരാർ 45/31.3.2020 കോൺട്രാക്ടർ ശ്രീ. ഉസ്മാൻ.ടി അളവ് പുസ്തകം 65/19-20 കോസ്റ്റ് ഇൻഡക്സ് | 620843 | 695344 | 666371 | 28973 |

| | | | | | | |
|---|---|---|---|---|---|---|
| | 31.06% | | | | | |

## 1-18 റോഡ് കോൺക്രീറ്റിങ് - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മുഴന്നമണ്ണ നെല്ലേങ്ങൽ റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ ഭാഗമായി ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ച് റോഡ് കോൺക്രീറ്റ് ചെയ്യതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 11.4.3.1 പ്രകാരമുള്ള 7549.93/$m^3$ നിരക്കാണ് നല്കിയിട്ടുള്ളത്. ഈ ഡാറ്റയിൽ സെന്ററിങ് & ഷട്ടറിങ് പ്രവ്യത്തിക്കുള്ള നിരക്കും ഉൾപ്പെടുന്നുണ്ട്.

എന്നാൽ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തി ആവശ്യമില്ലാത്തതിനാൽ സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്കുള്ള നിരക്ക് കുറവ് ചെയ്ത് 7259.55/$m^3$ നിരക്കാണ് ഈ പ്രവൃത്തികളിൽ നൽകാവുന്നത്. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | സിമന്റ് കോൺക്രീറ്റ് അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | മുഴന്നമണ്ണ നെല്ലേങ്ങൽ റോഡ് കോൺക്രീറ്റ് ( 126 /21)<br>ബിൽ 46/25.8.2020 തുക 356092<br>കരാർ 47/31.3.2020<br>അളവ് പുസ്തകം 70/19-20<br>കോൺട്രാക്ടർ ശ്രീ.ഉസ്മാൻ.ടി<br>കോസ്റ്റ് ഇൻഡക്സ് 31.06% | 53.91$m^3$ | 292645<br>@5428.40/$m^3$<br>28.10%ടെണ്ടർ കുറവിന് ശേഷം<br>എസ്റ്റിമേറ്റ് നിരക്ക്<br>7549.93/$m^3$ | 281742<br>@5226.15/$m^3$<br>28.10%ടെണ്ടർ കുറവിന് ശേഷം<br>നൽകാവുന്ന നിരക്ക്<br>7259.55/$m^3$ | 12211<br>(12% GST ഉൾപ്പെടെ) |

ഓഡിറ്റ് എൻക്വയറി 15 /2020-21/25.4.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 നെല്ല് കൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി-അപാകതകൾ-2489757/-രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | പ്രൊജക്ട് നം. | അടങ്കൽ | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 01 | നെല്ല് കൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി | 31/20-21 | 2796500 | 2489757 (വികസന ഫണ്ട്) | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ |

നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന തുകകൾ നെല്ല് കൃഷിയ്ക്ക് കൂലിചെലവ് സബ്സിഡിയിനത്തിൽ വിവിധ പഞ്ചായത്തുകൾക്ക് നല്കിയിട്ടുണ്ട്.

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | അലോട്ട്മെന്റ് ACR പ്രകാരം | നല്കിയ തുക |
|---|---|---|---|
| 01 | അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്ത് | 186/16.01.21 | 658750 |
| 02 | കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത് | 268/26.03.21 | 276250 |
| 03 | ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | 269/26.03.21 | 552500 |
| 04 | മേലാറ്റൂർ ഗ്രാമ പഞ്ചായത്ത് | 244/17.03.21 | 15657 |
| 05 | പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് | 270/26.03.21 | 476600 |
| 06 | വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത് | 245/17.03.21 | 85000 |
| 07 | ഏലംകുളം ഗ്രാമ പഞ്ചായത്ത് | 271/26.03.21 | 425000 |
| | ആകെ | | 2489757 |

എന്നാൽ താഴെപ്പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

01.മുകളിൽ പറഞ്ഞ പദ്ധതിയുടെ ചെലവ് തുകയുടെ വിനിയോഗസാക്ഷ്യപത്രം, രശീതി ലഭ്യമാക്കിയിട്ടില്ല.

02. ട്രഷറി ബില്ലും ബിൽ ബുക്കും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

03. പ്രോജക്ട് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

04. ക്യാഷ് ബുക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്_(ഓഡിറ്റ് എൻക്വയറി നം. 4/ 2020-21/21.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 മരാമത്ത് പ്രവൃത്തികൾ - കൺവീനർമാർക്ക് അധിക തുക നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ നൽകിയപ്പോൾ കൺവീനർക്ക് 5% തുക അധികം നൽകാനിടയായിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികം വകയിരുത്തുന്നുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഈ ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. അപ്രകാരം ചെയ്യാതിരുന്നത് വഴിയാണ് കൺവീനർമാർക്ക് അധിക തുക നൽകാനിടയായത്. കൂടാതെ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 12% തുക GSTക്കായി വകയിരുത്തുകയും മൂല്യ നിർണ്ണയ തുകയോടൊപ്പം കൺവീനർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

അധികം നൽകിയ തുക ഈടാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി 9/2020-21/23.4.2022 നൽകിയതിന് - ധനകാര്യ വകുപ്പിന്റെ സർക്കുലർ പ്രകാരം DSR 2016 ന് വാറ്റ് കോംപൻസേഷൻ ഒഴിവാക്കി മലപ്പുറം ജില്ലക്ക് തയ്യാറാക്കിയ കോസ്റ്റ് ഇൻഡക്സാണ് 31.06% എന്നും, ധനകാര്യ വകുപ്പിന്റെ 6.3.2019 ലെ CE/Admin//PLA/EMP/1014(A)/05 ഉത്തരവ് പ്രകാരമാണ് ജി.എസ്.ടി കോംപൻസേഷൻ നൽകിയത് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. ഓഡിറ്റിൽ പരാമർശിച്ച ചീഫ് എഞ്ചിനീയറുടെ കത്ത് മേൽ പരാമർശിച്ച സർക്കുലറുകൾക്ക് മുമ്പേ ഉള്ളതാണെന്നും മറുപടിയിൽ ഉണ്ട്.

ചുവടെ കാണിച്ച കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

27.2.2016ലെ GO(P) 30/2016 നമ്പർ ഉത്തരവ് പ്രകാരമാണ് കൺവീനർമാർക്ക് 7.5% ഓവർഹെഡ് അനുവദിച്ച് ഉത്തരവായത്. പ്രസ്തുത ഉത്തരവിൽ കൺവീനർമാർ നൽകേണ്ട നികുതികൾ പ്രസ്തുത തുകയിൽ നിന്നും ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയാണ് കൺവീനർമാർ അടവാക്കേണ്ടത്.

1.7.2017 ന് ശേഷം GST നിലവിൽ വന്നതിനാൽ ഇപ്പോൾ വാറ്റ് അടവാക്കേണ്ടതില്ലെന്നും വാറ്റ് അടവാക്കാനായി വകയിരുത്തിയ 5% തുക കുറവ് ചെയ്ത് കൺവീനർമാർക്ക് തുക നൽകിയാൽ മതിയെന്ന് ചീഫ് എഞ്ചിനീയർ 16.3.2018ലെ കത്തിൽ വ്യക്തമാക്കിയതാണ്. കൺവീനർമാർക്ക് 7.5% ഓവർഹെഡ് ചാർജ് അനുവദനീയമാണെന്ന് വ്യക്തമാക്കുന്ന രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടുമില്ല.

അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ട തുക5% |
|---|---|---|
| ഇത അംഗൻവാടി കെട്ടിട നിർമ്മാണം (111/21)<br>കരാർ 69/31.3.2020 കൺവീനർ. ശ്രീമതി ഇന്ദിര<br>ബിൽ. 88/26.3.2021 തുക 452141<br>അളവ് പുസ്തകം 10/19-20, കോസ്റ്റ് ഇൻഡക്സ് 31.06% | 403697 | 20185 |
| പുത്തൂർ എ.എം.എൽ.പി സ്കൂൾ ക്ലാസ്സ് റൂം നിർമ്മാണം (154/21)<br>കരാർ 68/31.3.2020 കൺവീനർ. ശ്രീ.ബാബു മാസ്റ്റർ<br>ബിൽ. 89/27.3.2021 തുക 499766<br>അളവ് പുസ്തകം 85/19-20, കോസ്റ്റ് ഇൻഡക്സ് 31.06% | 446220 | 22311 |

## 1-21 വൃദ്ധർക്ക് കട്ടിൽ (എസ്.സി)755555/-രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | പ്രൊജക്ട് നം. | അടങ്കൽ | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 01 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം (എസ്.സി) ബ്ലോക്ക് വിഹിതം നൽകൽ | 99/20-21 | 1500000 | 755555 (എസ്.സി.പി) Allotment No. As Per ACR 51/04.05.20 ₹.63296 54/05.05.20 ₹.149880 55/06.05.20 ₹.96238 84/09.06.20 ₹.446141 | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ |

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യാൻ പദ്ധതി വിഭാവനം ചെയ്യുന്നു. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട താഴെ കാണുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

01. ചെലവു തുകയുടെ വിനിയോഗസാക്ഷ്യപത്രവും രശീതിയും

02. ട്രഷറി ബില്ലും ബിൽ ബുക്കും

03. ഏതെല്ലാം പഞ്ചായത്തുകൾക്കാണ് തുക നല്കിയത്

04. പ്രോജക്ട് രജിസ്റ്റർ

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/ 20-21/21.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുക 755555/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 മഖാം പടി കുടിവെള്ള പദ്ധതി - പൊളിച്ചെടുത്ത കല്ലിന്റെ ലേലം/പുനരുപയോഗ വിവരം ലഭ്യമാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മഖാം പടി കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിയുടെ ( 174/21) എക്സ്ട്രാ ഇനം 1, 2 ആയി ആകെ 57.58$m^3$ ഹാർഡ് റോക് പൊളിച്ചെടുത്തതിന് കരാറുകാരൻ 51084 രൂപ നൽകിയിട്ടുണ്ട്. എന്നാൽ പൊളിച്ചെടുത്ത റബ്ൾ ലേലം ചെയ്യുകയോ, പുനരുപയോഗപ്പെടുത്തുകയോ ചെയ്തതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. ഈ പ്രവൃത്തിയുടെ ഇനം 4.38$m^3$ ഡ്രൈറബ്ൾ മേസനറി പ്രവൃത്തി ചെയ്തിട്ടുണ്ടെങ്കിലും പൊളിച്ചെടുത്തപ്പോൾ ലഭ്യമായ കരിങ്കല്ല് ഈ പ്രവൃത്തിക്ക് ഉപയോഗപ്പെടുത്തിയിട്ടില്ല. 2016 വർഷത്തെ പ്രൈസ് സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം ഒരു ഘനയടിക്ക് 865 രൂപ വിലയുണ്ട് ഡ്രൈറബ്ൾന്. 57.58$m^3$ 865 രൂപ പ്രകാരം 49807 രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക |
|---|---|---|---|
| 1 | മഖാംപടി കുടിവെള്ള പദ്ധതി (174/21) ബിൽ 28/18.9.2019 തുക 489079 ബിൽ 67/13.1.2021 തുക 260951 കരാർ 48/14.2.2019 കോൺട്രാക്ടർ ശ്രീ മുഹമ്മദ് റഫീഖ്.വി അളവ് പുസ്തകം 67/18-19, 60/19-20 കോസ്റ്റ് ഇൻഡക്സ് 37.25% | എക്സ്ട്ര ഇനം 1 31.84 $M^3$ | 28201.96 @885.74/ $M^3$ എസ്റ്റിമേറ്റ് നിരക്ക് @914.35/ $M^3$ |
| | | എക്സ്ട്ര ഇനം 2 25.47 $M^3$ | 22882 @898.39/ $M^3$ എസ്റ്റിമേറ്റ് നിരക്ക് @927.09/ $M^3$ |

ഓഡിറ്റ് എൻക്വയറി 29/2020-21/27.4.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അപാകതകൾ-1966658/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

| ക്രമ | പദ്ധതിയുടെ പേര് | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നം | | നം. | | |
| 01 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ജനറൽ) ബ്ലോക്ക് വിഹിതം നൽകൽ | 24/20-21 | 1300000 | 978258 (വികസന ഫണ്ട്) Allotment No. As Per ACR 190/18.01.21 ₹.431290 192/18.01.21 ₹.409500 194/18.01.21 ₹.35210 204/18.01.21 ₹.102258 |
| 02 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ജനറൽ) ബ്ലോക്ക് വിഹിതം നൽകൽ | 100/20-21 | 988400 | 988400 (വികസന ഫണ്ട്) Allotment No. As Per ACR 52/25.05.21 488400 53/25.05.20 500000 |
| | | | | 1966658 |

ബ്ലോക്ക് പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 60 വയസ്സ തികഞ്ഞ അർഹരായ വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യാൻ പദ്ധതി വിഭാവനം ചെയ്യുന്നു. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ മേൽ പദ്ധതിയ്ക്കായി ബ്ലോക്ക് പരിധിയിൽപ്പെട്ട വിവിധ പഞ്ചായത്തുകൾക്ക് ധനസഹായം നല്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

01.മുകളിൽ പറഞ്ഞ രണ്ടു പദ്ധതികളുടെയും ചെലവു തുകയുടെ വിനിയോഗസാക്ഷ്യപത്രവും, രശീതിയും.

02. ട്രഷറി ബില്ലും ബിൽ ബുക്കും

03. മേൽ ചെലവ് തുകകൾ ഏതെല്ലാം പഞ്ചായത്തുകൾക്കാണ് നല്കിയതെന്ന്.

04. പ്രോജക്ട് രജിസ്റ്റർ

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഓഡിറ്റ് എൻക്വയറി നം. 5/ 20-21/21.04.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-24 കുടിവെള്ള പദ്ധതി- കരാറുകാരന് അധികം നൽകിയ തുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തോട്ടിന്റക്കര കരിമ്പനക്കുന്ന് കുടിവെള്ള പദ്ധതി (88/21) എന്ന പ്രവൃത്തിയുടെ അപ്പന്റിക്സ് ഇനം 5 ആയി GI ഷീറ്റ് ബൂത്ത് പമ്പ് ഹൗസ് സ്ഥാപിച്ചതിന് 1.44$m^2$ ഏരിയ ചെയ്തതായി കാണിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ അളവ് പുസ്തകം പേജ് 14 പ്രകാരം ഈ പ്രവൃത്തി ചെയ്തത് 1$m^2$ മാത്രമാണ്. ഓഡിറ്റ് എൻക്വയറി 2/2020-21/19.4.2022 നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക 122070100002/27.4.2022 നമ്പർ രസീത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ തിരിച്ചടച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവൃത്തി | അളവ് | നൽകിയ | നൽകാവുന്ന | അധികം |
|---|---|---|---|---|---|

| നമ്പർ | | | തുക | തുക | |
|---|---|---|---|---|---|
| 1 | തോട്ടിന്റക്കര കരിമ്പനക്കുന്ന് കുടിവെള്ള പദ്ധതി (88/21)<br>ബിൽ 30/20.4.2020 തുക 488540<br>കരാർ 5/15.11.2019<br>കോൺട്രാക്ടർ ശ്രീ .നസീം. എൻ<br>അളവ് പുസ്തകം 55/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 1 $M^2$ | 13957.30 @9692.57/ $M^2$ | 9692.57 @9692.57/ $M^2$ | 4776 (12% ജി.എസ്.ടി ഉൾപ്പെടെ) |

## 1-25 പാലിന് സബ്സിഡി-അപാകതകൾ-1034899/-രൂപ തടസ്സപ്പെടുത്തുന്നു.

